**VARGHESE P. THOMAS**
Sr. Counsel Railways (Ex)
ACGSC-CAT-EKM BENCH (Ex)
High Court of Kerala
Mob: 94971 97385

**"Aradhana"**
1426/35
Thattarath Lane
Near St.Martin Church
Palarivattom, Cochin-682 025.

Date: 29-03-2021

# മലങ്കരസഭയുടെ കാവൽക്കാരൻ

**അഡ്വ. വർഗീസ് പി. തോമസ്**
**(പൊന്നച്ചൻ വക്കീൽ)**

പാദമുദ്രകൾ പതിച്ച ജീവിത വഴികളെല്ലാം വിജയത്തിന്റെ അനുഗ്രഹങ്ങൾ മാത്രം ഏറ്റുവാങ്ങാൻ ഭാഗ്യം കടാക്ഷിച്ച അപൂർവം ചില വ്യക്തികൾ നമുക്കു ചുറ്റുമുണ്ട്. തന്റെ സ്വഭാവ ലാളിത്യംകൊണ്ടും പ്രവർത്തന മികവുകൊണ്ടും അവർ ജനഹൃദയങ്ങളെ തന്നിലേക്ക് ആകർഷിക്കും. സാന്ത്വനം വേണ്ടവർക്കു സ്നേഹത്തിന്റെ വർണപ്രഭ പകർന്നു നൽകും. മാർഗനിർദ്ദേശം വേണ്ടവർക്കു വഴികാട്ടിയാകും. പരിഗണനയും കരുതലും വാത്സല്യവും വേണ്ടവർക്കു നിർലോഭമായി നൽകും. ഈ വക ഗുണങ്ങളുള്ള വ്യക്തിത്വത്തിന്റെ ഉടമയാണ് ജോയിച്ചൻ എന്നു വിളിക്കുന്ന എം.ജി. ജോർജ് മുത്തൂറ്റ്.

ജോയിച്ചായനെ നേരിട്ടു പരിചയപ്പെടുന്നതിനു മുൻപുതന്നെ അവരുടെ സ്ഥാപനങ്ങളുടെ നിയമകാര്യങ്ങൾ അദ്ദേഹത്തിന്റെ ഇളയസഹോദരൻ ജോർജ് അലക്സാണ്ടറുമായി വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ബന്ധത്തിൽ കൈകാര്യം ചെയ്യുവാൻ ഇടയായിട്ടുണ്ട്. 1995 ൽ സഭാകേസിൽ സുപ്രീം കോടതിയിലുണ്ടായ വിധിയെ തുടർന്ന് ജോയിച്ചനുമായി നേരിട്ട് ഇടപെടുവാൻ ഇടവന്നു. ആ ബന്ധം അദ്ദേഹം ഈ ലോകത്തോടു വേർപെടുന്ന വേളവരെ അഭംഗുരം തുടർന്നു. ഏതു സമയത്തും എപ്പോഴും ബന്ധപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം എനിക്കദ്ദേഹം നൽകിയിരുന്നു. എപ്പോൾ നേരിൽ കണ്ടാലും ഫോണിൽ ബന്ധപ്പെടുമ്പോഴും ആദ്യം താൻ അംഗമായിരിക്കുന്ന സഭയും തന്റെ രാജ്യവും കുടുംബവും, അവയെപ്പറ്റിയുള്ള തീക്ഷണമായ കരുതലും അറിയിച്ചിട്ടു മാത്രമേ വിഷയത്തിലേക്കു കടക്കുകയുള്ളു. 2002 ൽ സുപ്രീംകോടതി വിധിയെത്തുടർന്ന് ജസ്റ്റിസ് മളീമഠിനെ മലങ്കര അസോസിയേഷൻ നിരീക്ഷകനായി നിയമിച്ചപ്പോൾ, സഭയ്ക്കു വേണ്ടി അദ്ദേഹത്തെ ഔദ്യോഗികമായി സഹായിക്കുവാൻ എന്നെ തീരുമാനിച്ച സഭാ നേതൃത്വത്തിലെ പ്രധാനികളിൽ ഒരാളായിരുന്നു ജോയിച്ചായൻ.

പ്രിയപ്പെട്ട ജോയിച്ചായൻ ഊണിലും ഉറക്കത്തിലും സഭയുടെ സഹദാ പോലും ആയിത്തീരുവാൻ എപ്പോഴും ഒരുക്കമായിരുന്നു. അതു പരസ്യമായി

പറയുവാൻ മടികാണിച്ചില്ല. മക്കളും ആ വഴി തെരഞ്ഞെടുത്തതിൽ ദൈവകൃപ മേൽക്കുമേൽ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ബൈബിൾ സംബന്ധമായി എന്തെങ്കിലും ചർച്ചയ്ക്കു സാഹചര്യം ഉണ്ടായാൽ അതു ശ്രദ്ധയോടെ കേൾക്കുക മാത്രമല്ല അതിലെ ദൈവേഷ്ടം എന്തെന്ന് അന്വേഷിക്കുകയും പഠിക്കുകയും ചെയ്യുന്നത് എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്.

ചില സന്ദർഭങ്ങളിൽ എന്നെ വഴക്കു പറഞ്ഞത് ഞാൻ സ്നേഹത്തോടെ ഓർക്കുന്നു. ഭാരതം മാത്രമല്ല ലോക സാമ്പത്തികശാസ്ത്രത്തിൽ ഒരു ഇടം നേടിയ ജോയിച്ചായന്റെ പ്രതിഭാ വ്യക്തിത്വം വേറുറ്റതാണ്. 2017 ൽ സഭാപരമായും സാമൂഹ്യമായും തൊഴിൽപരമായും ചെയ്ത പ്രവർത്തനത്തിന് പ്രതിഭാ സംഗമത്തിൽ തെരഞ്ഞെടുത്ത് ആദരിച്ചതിന് ജോയിച്ചായനോട് ഞാൻ കടപ്പെട്ടവനാണ്. ആ സ്നേഹത്തിനു മുൻപിൽ ഞാൻ നമ്രശിരസ്കനാകുന്നു.

കോഴഞ്ചേരി മുത്തൂറ്റ് ഹോസ്പിറ്റലിൽ ജോയിച്ചായന്റെ ഓർമ നിലനിർത്താൻ എം.ജി. ജോർജ് മുത്തൂറ്റ് കാൻസർ സെന്റർ എന്ന നാമകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ലേഖകൻ**

1) ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ

2) 1990-1997 വരെ Member, Bar Council of Kerala

3) 1990-1997 വരെ അഭിഭാഷക അച്ചടക്ക സമിതി അംഗം

4) 1994 - 1919 വരെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, കേന്ദ്ര ഗവൺമെന്റിന്റെ അഭിഭാഷകൻ

5) 1994 - 1919 വരെ ഇന്ത്യൻ റയിൽവേയുടെ Senior Counsel before High Court of Kerala and CAT Ernakulam Bench.

6) 2016 ൽ International Legal Ministry awarded for the contribution made to Christian Literature.

7) Writer, published 9 books by various important publications.

7) Represented for Orthodox Church to assist Justice Maleemad in 2002 at Parumala Association.